# SAMPLE QUESTION PAPER I

# മലയാളം - കേരളപാഠാവലി

## THIRUVANANTHAPURAM EDUCATIONAL DISTRICT
## Standard X

**Time : 1½ hrs** **Maximum Score : 40**

---

## പാർട്ട് I

**A.1 മുതൽ 6 വരെയുള്ള ചോദ്യങ്ങളിൽ 4 എണ്ണത്തിന് ഉത്തരമെഴുതുക ( 1 സ്കോർ വിതം )**

**( 4 x 1= 4)**

1. കുടുംബവുമായുള്ള കൂടിച്ചേരലിനെ വിശേഷിപ്പിച്ചിരിക്കുന്നതെങ്ങനെ ?

 * ചുട്ടുപഴുത്ത ലോഹത്തിൽ വീണ വെള്ളത്തുള്ളിപോലെ

 * നദിയിലൂടെ ഒഴുകുന്ന തടിക്കഷണങ്ങൾ പോലെ

 * പാമ്പിന്റെ വായിലകപ്പെട്ട തവള ഭക്ഷണത്തിനപേക്ഷിക്കുന്നതു പോലെ

 * മണ്ണിനു കീഴെ കൃമികളായി പോകുന്നതു പോലെ

2. “ധർമ്മപത്നിയെ ഉപേക്ഷിച്ച അയാളുടെ നാമധേയം ആരുച്ചരിക്കും!” - ആരെയാണ് ഇവിടെ സൂചിപ്പിക്കുന്നത് ?

 * മാതലിയെ

 * കാശ്യപനെ

 * ദുഷ്ഷന്തനെ

 * ദേവേന്ദ്രനെ

3. ‘കരച്ചിലൊച്ച ' -- ശരിയായ രൂപമേത് ?

 * കരച്ചിലും ഒച്ചയും

 * കരച്ചിലാകുന്ന ഒച്ച

 * കരച്ചിലായ ഒച്ച

 * കരച്ചിലിന്റെ ഒച്ച

4. കുമാരനാശാനുമായി യോജിക്കാത്ത പ്രസ്താവനയേത് ?

 * സ്നേഹഗായകൻ

 * കിളിപ്പാട്ടു പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവ്

 * ആശയഗംഭീരൻ

 * മഹാകാവ്യമെഴുതാതെ മഹാകവിയായയാൾ

5. “പുഴ കടന്ന് അപ്പുറത്തെ മേട്ട കയറുവോളം വെള്ളായിയപ്പൻ കരഞ്ഞു.” - കാരണം ?

* നാട്ടുകാരെ കൂടെക്കൂട്ടാൻ കഴിയാത്തതുകൊണ്ട്
* ചീട്ടു വാങ്ങാൻ പണമില്ലാത്തതുകൊണ്ട്
* ഇളം ചൂടുള്ള പുഴവെള്ളം കുളിയുടെ അനുഭവം ഓർമ്മിപ്പിച്ചതുകൊണ്ട്
* പാറാവുകാരൻ തടയുമെന്നോർത്ത്

6. “നമുക്കില്ലാ നാടും നഗരവും കുടയും ചാമരവും
അമിത്രവീരന്മാരെ അമർക്കും വൻ പടയും” - വരികളിൽ തെളിയുന്ന പുഷ്കരന്റെ മനോഭാവമെന്ത് ?

* ധിക്കാരം
* അഹംഭാവം
* അസൂയ
* ദയ

**B. 7 മുതൽ 9 വരെയുള്ള എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക ( 1 സ്കോർ വീതം )** **(3 x 1= 3 )**

7. മണ്ണിൽ നിന്നു പിറന്നവർ <u>മണ്ണിനെ</u>
<u>പൊന്നണിയിച്ച സംസ്കാരശില്പികൾ</u>

-- അടിവരയിട്ട പ്രയോഗത്തിൽ സൂചിപ്പിക്കുന്നതാരെ ?

* കർഷകരെ
* സൈനികരെ
* കവികളെ
* ഗായകരെ

8. ആരുടെ ചിത്രത്തെ ആസ്പദമാക്കി സുഭാഷ്ചന്ദ്രൻ രചിച്ച ചെറുകഥയാണ്
'ഉരുളക്കിഴങ്ങു തിന്നുന്നവർ'

9. മാതൃകപോലെ എഴുതുക.

നടന്ന് + എത്തിയത് = നടന്നെത്തിയത്

പെറുക്കി + കൂട്ടി =

പ്രതി + അക്ഷം =

## പാർട്ട് II

**A. ചുവടെ നൽകിയിരിക്കുന്ന ചോദ്യത്തിന് രണ്ടുവാക്യത്തിൽ ഉത്തരമെഴുതുക. ( 2 സ്കോർ )**

**(1 x 2= 2 )**

10. അർത്ഥവ്യത്യാസം വരാതെ രണ്ടു വാക്യമാക്കിയെഴുതുക.

ചാടിപ്പോവുന്ന ഒരുവന്റെ മട്ടിൽ ഇയാൾ നടന്നിരുന്നതിനാൽ കഥയെന്തെന്നറിയട്ടെ
എന്നുവച്ച് ഞങ്ങൾ തടഞ്ഞു നിർത്തി.

തിരു. വിദ്യാഭ്യാസ ജില്ല

**B. 11,12 ചോദ്യങ്ങളിൽ ഒരെണ്ണത്തിന് ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക ( 2 സ്കോർ വീതം )**

**(1 x 2= 2 )**

11. “എന്റെ വീട്ടിൽ നിന്ന് നാലുമൈൽ അകലെയാണ് ചപൽഗാവ്. അറുപതു പൈസയായിരുന്നു ബസുകൂലി. അതുകൊടുക്കാൻ അവരുടെ കൈയിൽ കാശുണ്ടായിരുന്നില്ല.”

“സാന്താമായി ഒരു 'മഹാർ' ആണെന്ന് മനസ്സിലാക്കിയപ്പോൾ ചെരുപ്പുകുത്തി ചെരുപ്പ് തുന്നാൻ തയ്യാറായില്ല.”

--- വാക്യങ്ങളിൽ തെളിയുന്ന സാമൂഹികാവസ്ഥകൾ എഴുതുക.

12. “ശീതകാലത്തെ പ്രഭാവത്തെ കീഴ് പ്പെടുത്തുന്ന ഒരു തീക്കനൽ കിഴവൻ മിറലിന്റെ നെഞ്ചിൽ വീണു.” - തീക്കനൽ എന്ന പ്രയോഗത്തിന്റെ രണ്ട് അർത്ഥസൂചനകൾ എഴുതുക.

## പാർട്ട് III

**A. 13 മുതൽ 16 വരെയുള്ള ചോദ്യങ്ങളിൽ 3 എണ്ണത്തിന് രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക ( 3 സ്കോർ വീതം )** **(3 x 3= 9 )**

13. “സർവ്വദമനാ, ഇതാ ശകുന്തലാസ്യം നോക്കു.” 'ശകുന്തലാസ്യം' എന്ന പ്രയോഗം താപസി, സർവ്വദമനൻ, ദുഷ്ഷന്തൻ ഇവരിലുണർത്തിയ ചിന്തകൾ ഓരോ വാക്യത്തിലെഴുതുക.

14. “പാരവും പരിചയം കലർന്നെഴും
പേരുമീ മധുരമായ കണ്ഠവും
സാരമായ് സ്മൃതിയിൽ നീയുമിപ്പോൾ നിൻ
ദൂരമാം ഭവനവും വരുന്നയേ !”

-- വരികളിലൂടെ വ്യക്തമാകുന്ന ദിവാകരന്റെ ഓർമ്മകൾ കുറിക്കുക.

15. “ദുഷ്കരമായിട്ടൊന്നുമില്ല കേൾ
മത്സഹായമുണ്ടായാലേവനും”

-- കലിയുടെ സഹായവാഗ്ദാനം സദുദ്ദേശ്യത്തോടെയാണോ ? വിമർശനക്കുറിപ്പ് തയാറാക്കുക.

16. കൃപകൃതവർമ്മാശ്വത്ഥാമാക്കളെ ആശ്വസിപ്പിച്ചുകൊണ്ട് ദുര്യോധനൻ പറഞ്ഞതെന്തെല്ലാം ?

**B. ചുവടെ നൽകിയിരിക്കുന്ന ചോദ്യത്തിന് മൂന്നോ നാലോ വാക്യത്തിൽ ഉത്തരമെഴുതുക. ( സ്കോർ 3 )**

**( 1x 3= 3 )**

17. "മുക്കാലും കുരുടിയായ ആ മുത്തിത്തള്ളയാണ് ചെറുകഥാ രചനയിൽ എന്റെ ആദ്യത്തെ ഗുരുനാഥ." എസ്.കെ. പൊറ്റെക്കാട് ഇങ്ങനെ പറയാനിടയായ സാഹചര്യം വിവരിക്കുക.

## പാർട്ട് IV

**A. 18 മുതൽ 20 വരെയുള്ള ചോദ്യങ്ങളിൽ 2 എണ്ണത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക ( 4 സ്കോർ വീതം )** **( 2 x 4= 8 )**

18. “ക്രോധം പരിത്യജിക്കേണം ബുധജനം"എന്ന ശ്രീരാമന്റെ ഉപദേശം ലക്ഷ്മണനോടു മാത്രമല്ല എല്ലാപേരോടുമാണ് --പ്രസ്താവന വിലയിരുത്തി കുറിപ്പ തയാറാക്കുക.

19. “മെത്രാൻ ആ സമയത്ത് കുനിഞ്ഞു നിന്ന് ,കൊട്ട തടത്തിൽ വീണതുകൊണ്ട് കേടു വന്ന ഒരു പൂച്ചെടിയെ സൂക്ഷിച്ചു നോക്കി വ്യസനിക്കുകയായിരുന്നു.”
“ഞാൻ ആ വെള്ളിസാമാനം വളരെക്കാലം സൂക്ഷിച്ചുപോന്നത് ഒരിക്കലും ശരിയായിട്ടല്ല. അതു പാവങ്ങളുടേതാണ്.” - മെത്രാന്റെ വാക്യങ്ങൾ സമൂഹത്തിനു നൽകുന്ന സന്ദേശമെന്ത് ?

20. 'കടൽത്തീരത്ത് 'എന്ന കഥയിൽ പൊതിച്ചോറിന് ഒരു കഥാപാത്രത്തിന്റെ സ്ഥാനമാണ്. പൊതിച്ചോറിനുണ്ടാകുന്ന വികാസ പരിണാമങ്ങൾ പരിശോധിച്ച് പ്രതികരണക്കുറിപ്പ് തയാറാക്കുക.

**B. 21,22 ചോദ്യങ്ങളിൽ ഒരെണ്ണത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക ( സ്കോർ 4 )**

**( 1 x 4= 4)**

21. “ആ ചരടുകളെല്ലാം കൂടി കെട്ടുപിണഞ്ഞ്, ആ കെട്ടുകളിൽ കുരുങ്ങിക്കിടന്ന് എന്റെ ജീവിതം പിടയുന്നു.”-- വരികളിലൂടെ തെളിയുന്ന ദസ്തയേവ്സ്കിയുടെ ജീവിതാവസ്ഥ വിലയിരുത്തി കുറിപ്പെഴുതുക.

22. “ഒരു വെൺലില്ലിപ്പൂവിൽ
ശോണരേഖകൾപോലെ
തിരുശോണിതം വാർന്ന
പാടുകളുടലാകെ.”
--- വരികളിലെ സാദൃശ്യകല്പനയുടെ ഔചിത്യം കണ്ടെത്തി കുറിപ്പെഴുതുക.

## പാർട്ട് V

**A. 23,24 ചോദ്യങ്ങളിൽ ഒരെണ്ണത്തിന് ഒരുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക ( സ്കോർ 5 )**

**(1 x 5= 5)**

23. “അതിനെ, അവനെ എപ്പോഴും എവിടെയും കരുതിയിരുന്നുകൊള്ളുക എന്ന താക്കീതാണ് അശ്വത്ഥാമാവിനെ ചിരഞ്ജീവിയും സർവ്വവ്യാപിയുമായി കല്പിച്ചതിനർത്ഥം.”
‘പക’യുടെ പ്രതീകമായി വ്യാസൻ അവതരിപ്പിക്കുന്ന അശ്വത്ഥാമാവിന്റെ സ്വഭാവ സവിശേഷതകളെക്കുറിച്ച് വിവരണം തയാറാക്കുക.

24. “എന്തൊരുയർച്ചയായിരുന്നു അത്, എന്തൊരഭിമാനമായിരുന്നു ! അമ്മേ ! ഭവതി ഭാഗ്യവതിയാണ്. അവസാനമായെങ്കിലും സ്ത്രീയുടെ ഈ വിശ്വരൂപം ദർശിച്ചുവല്ലോ.”
-- മാതൃത്വത്തിന്റെ വിശ്വരൂപത്തിലേക്കുയരുന്ന കുഞ്ഞുക്കുട്ടിയമ്മയുടെ ചിത്രമാണ് കഥയിലൂടെ വ്യക്തമാവുന്നത്. പ്രസ്താവന പരിശോധിച്ച് കഥയ്ക്ക് ആസ്വാദനം തയാറാക്കുക.